**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീ. സിഫി. പി യുടെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.2012/2017/തസ്വഭവ തിരുവനന്തപുരം, തീയതി 17/06/2017

==================================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ശ്രീ.സിഫി.പി യുടെ 02.05.2014 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 06.07.2015 , 27.01.2017 എന്നീ തീയതികളിലെ ഇ 3-19041/14 നമ്പർ കത്തുകൾ.

4) കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.04.2014 ലെ സി1-2328/14 നമ്പർ നടപടിക്രമം.

## <u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീ. സിഫി. പി യുടെ 02.02.2014 മുതൽ 22.07.2014 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. സിഫി. പി 28.08.1995 ന് സേവനത്തിൽ പ്രവേശിച്ചു. ശ്രീ. സിഫി. പി മെഡിക്കൽ സർട്ടിഫിക്കറ്റും 19.07.2014 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും സമർപ്പിയ്ക്കുകയുണ്ടായി. എന്നാൽ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായതിനാൽ പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല. ശ്രീ. സിഫി. പി യ്ക്ക് കരീപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച 90 ദിവസത്തെ ശൂന്യവേതനാവധി സൂചന (4) പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമ പഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീ.സിഫി.പി യുടെ 02.02.2014 മുതൽ 22.07.2014 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്.വി.പി**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, കരീപ്ര ഗ്രാമ പഞ്ചായത്ത്,കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ. സിഫി. പി, മുൻ ഹെഡ് ക്ലാർക്ക്, കരീപ്ര ഗ്രാമ പഞ്ചായത്ത്, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(441/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ